മിച്ച ഭൂമി വിതരണം

24 (2782) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ ജില്ലയിലും എത്ര പേർക്ക് മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട് ;

(ബി) കോടതി കേസുകൾമൂലം ഭൂമി വിതരണം ചെയ്യാൻ തടസ്സം വന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ ജില്ലയിലും എത്ര പേർക്ക് വീതം മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് താഴെ ചേർക്കുന്നു.

ജില്ല	എണ്ണം
കാസർഗോഡ്	62
കണ്ണൂർ	448
വയനാട്	ഇല്ല
കോഴിക്കോട്	160
മലപ്പുറം	514
പാലക്കാട്	1,322
തൃശ്ശൂർ	ഇല്ല
എറണാകുളം	"
ഇടുക്കി	"
കോട്ടയം	"
ആലപ്പുഴ	"
പത്തനംതിട്ട	"
കൊല്ലം	23
തിരുവനന്തപുരം	ഇല്ല

(ബി) ഉണ്ട്. 400 കേസുകൾ

LIBRARY ARCHIVES Kerala Legislative Assembly